അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ തുടർച്ചയായി അവലോകനയോഗങ്ങൾ നടത്താറുണ്ട്.

(ഡി) ഫ്രണ്ട്സിന്റെ പുതിയ സോഫ്റ്റ്വെയറായ ഫ്രീസ് തിരുവനന്തപുരം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിലും പുതിയ സോഫ്റ്റ്വെയറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക കൈപ്പറ്റാത്ത ഗുണഭോക്താക്കൾ

7 (4339) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചതിൽ നെയ്യാറ്റിൻകര താലൂക്കിൽ നിന്നും നാളിതുവരെ തുക കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം നെയ്യാറ്റിൻകര താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചതിൽ 508 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടില്ല, അവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സിസ്റ്റം

8 (4341) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് ഹാജർനില ഉറപ്പാക്കുവാനും സമയനിഷ്ഠ ഉറപ്പുവരുത്തുവാനുമായി പഞ്ചിംഗ് സിസ്റ്റം എന്നു മുതൽക്കാണ് നടപ്പിലാക്കിയത് ;

(ബി) പ്രസ്തുത സിസ്റ്റം നിർമ്മിക്കുന്നതിനും പ്രവർത്തനം ശരിയായി നടപ്പിലാക്കുന്നതിനും ഏതു കമ്പനിയെയാണ് ചുമതലപ്പെടുത്തിയത് ;

(സി) ആയതിലേക്ക് എന്ത് തുക ചെലവായി ;

(ഡി) പഞ്ചിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ പഞ്ചിംഗ് സിസ്റ്റം കൃത്യമായി പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 1-4-2010 മുതലാണ് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയത്.

(ബി) കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 40,80,500 (നാൽപ്പത് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്) രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും പഞ്ചിംഗ് സംവിധാനത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തി പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്.

സമരകാലയളവ് അർഹമായ ലീവായി പരിഗണിച്ച് സർവ്വീസ് ആനുകൂല്യം

9 (4342) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

അദ്ധ്യാപകരും സർക്കാർ ജീവനക്കാരും 2002-ൽ നടത്തിയ 32 ദിവസത്തെ സമരകാലയളവ് അർഹമായ ലീവായി പരിഗണിച്ച് പ്രസ്തുത കാലയളവിലെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ ജീവനക്കാരുടെ വകുപ്പുമാറ്റം

10 (4343) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ജോലി ചെയ്യുന്ന വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേക്ക് വകുപ്പുമാറ്റം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമാറ്റം സംബന്ധിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly